(എച്ച്) സംസ്ഥാനത്ത് വ്യവസായ തർക്കനിയമം ബോണസ് ആക്ട്, ട്രെയിഡ് യൂണിയൻ ആക്ട്, ഗ്രാറ്റുവിറ്റി ആക്ട് എന്നിവ പത്രസ്ഥാപനങ്ങളും മാനേജ്മെന്റുകളും ലംഘിക്കുന്നതും കരാറു വ്യവസ്ഥകൾപാലിക്കാതെ പത്ര ജീവനക്കാരെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) ശുപാർശകളിൻമേൽ കേന്ദ്ര സർക്കാർ എന്തെങ്കിലും തീരുമാനം കൈകൊണ്ടതായി അറിവില്ല.

(സി) കേരളാ പത്രപ്രവർത്തക യൂണിയൻ യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പത്രപ്രവർത്തക ആരോഗ്യപരിരക്ഷാ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 1999 ഏപ്രിൽ ഒന്നുമുതലാണ് ഇത് ആരംഭിച്ചത്. ഈ പദ്ധതിയിലേക്ക് കേരള സർക്കാർ 10 ലക്ഷം രൂപ നൽകുകയുണ്ടായി.

(ഡി) പത്രപ്രവർത്തകൻ, പത്രപ്രവർത്തകന്റെ അച്ഛൻ, അമ്മ, ഭാര്യ, കുട്ടികൾ ഉൾപ്പെടെ കുടുംബത്തിലെ ആറ് അംഗങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു.

(ഇ) പദ്ധതിയിൽ അംഗമായിരിക്കുന്ന പത്രപ്രവർത്തകന് 2.5 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷയുണ്ട്. കൂടാതെ കുടുംബാംഗങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ 65000 രൂപ (അറുപത്തി അയ്യായിരം രൂപ) യുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ആനുകൂല്യമുണ്ട്.

(എഫ്) പത്രപ്രവർത്തകർക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ പരിഷ്ക്കരിക്കുന്നകാര്യം തൽക്കാലം പരിഗണനയില്ല.

(ജി) ഉണ്ട്. ജില്ലാ ആസ്ഥാനങ്ങളിൽ സ്വന്തം പേരിലോ ഭാര്യയുടേയോ കുട്ടികളുടേയോ പേരിലോ വീടില്ലാത്ത പത്രപ്രവർത്തകർക്ക് വീടുപണിയുന്നതിനോ വാങ്ങുന്നതിനോ വാങ്ങുന്ന/നിർമ്മാണ ചെലവിന്റെ 25 ശതമാനം അല്ലെങ്കിൽ പരമാവധി 50,000 രൂപ സബ്സിഡി നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(എച്ച്) ഉണ്ട്. വ്യവസായ തർക്ക നിയമപ്രകാരം തൊഴിലുടമ ജോലി നിഷേധിച്ചു എന്നതു സംബന്ധിച്ച് ചില പത്രസ്ഥാപനങ്ങൾക്കെതിരെ തൊഴിലാളികളുടെ പരാതികൾ ലഭിച്ചിട്ടുണ്ട്. തൊഴിൽ നിഷേധം, ബോണസ് തർക്കം, ഗ്രാറ്റുവിറ്റി പ്രശ്നം എന്നിവയാണ്. ഇതിൽ ബോണസ് പ്രശ്നം ഒത്തുതീർപ്പിലായിട്ടുണ്ട്. മറ്റുള്ള തർക്കങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

സ്ത്രീപീഡന കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനങ്ങൾ

12 (*312)ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യാൻ പോലീസിൽ പ്രത്യേക സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെൺവാണിഭ സ്ത്രീപീഡനകേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസിൽ ഇപ്പോൾ എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ട്;

(സി) ഈ വിഷയത്തിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്. എസ്. വിഭാഗത്തിലെ വനിതകൾ സർക്കാരിന് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി)സ്ത്രീകളുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യാൻ പോലീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തി ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ആസ്ഥാനമായി ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിലും പതിനേഴ് ജില്ലാ പോലീസ് ആഫീസുകളോടനുബന്ധിച്ച് ക്രൈംഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.യുടെ ചുമതലയിലും ഓരോ വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. വനിതാ സെല്ലുകളുടെ പ്രവർത്തനത്തിലൂടെ എല്ലാ മേഖലകളിലും സ്ത്രീകളുടെ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നുണ്ട്. വനിതാ സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ബലാത്സംഗകേസ്സുകൾ പോലുള്ള ഗുരുതരമായ കേസുകൾ ഉണ്ടാകുമ്പോൾ വനിതാ സെല്ലിലെ ഉദ്യോഗസ്ഥർ പരാതിക്കാരെ നേരിൽ കണ്ട് കേസ്സിന്റെ അന്വേഷണത്തിൽ തൃപ്തരാണോയെന്ന് ആരായണമെന്നും തൃപ്തരല്ലായെന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിന് ഈ വിവരം സൂചിപ്പിച്ചുകൊണ്ട് പ്രത്യേക റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് പുറമേ എല്ലാ ജില്ലാ പോലീസ് മേധാവികളും വനിതാ സംഘടനകളുടേയും സന്നദ്ധസംഘടനകളുടേയും സഹകരണത്തോടെ വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പോലീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ കാലാകാലങ്ങളിൽ വിലയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾക്ക് സത്വരസഹായം എത്തിക്കുന്നതിന് ഒരു ഹെൽപ്പ്ലൈൻ സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുകയാണ്. പെൺവാണിഭം സംബന്ധിച്ച് കേസ്സുകൾ ഉണ്ടായാൽ അവ അതീവ ഗൗരവമായി കണക്കിലെടുത്തു ഉയർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘങ്ങളെ നിയോഗിച്ച് നിയമനടപടികൾ നടത്തിവരുകയും ചെയ്യുന്നുണ്ട്.

(സി) ഈ വിഷയത്തിൽ മുൻഗതാഗത വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീമതി നളിനിനെറ്റോ മുഖ്യമന്ത്രിക്ക് പരാതി നൽകുകയും. ഇക്കാര്യം അന്വേഷിക്കുവാൻ ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ജി. ശശിധരനെ അന്വേഷണ കമ്മിഷനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരാതിക്കാര്യത്തിന് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 47/2000 ആയി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിന് അന്വേഷണത്തിനായി കൈമാറിയിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly